LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അംഗൻവാടി ജീവനക്കാർക്ക് അധിക ചുമതലകൾ നൽകിയിട്ടില്ല.

(ബി) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000 രൂപയിൽ നിന്നും 2600 രൂപയായി വർദ്ധിപ്പിച്ചും പ്രസ്തുത വർദ്ധനവിന് 1-4-2015 മുതൽ പ്രാബല്യം നൽകിയും 24-8-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 50/2015/സാനീവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിഹിതം 100 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് 10-8-2015-ലെ സ.ഉ.(സാധാ) നമ്പർ 2469/2015/തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I, II* ആയി ചേർക്കുന്നു.

അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധന

327 (1801) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള അവരുടെ വേതനം സംബന്ധിച്ചുള്ള വിശദാംശം നല്കാമോ;

(സി) 2015 ജനുവരി മുതൽ വർദ്ധിപ്പിച്ച നിരക്കിൽ വേതനം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 33115 അംഗൻവാടി വർക്കർമാരും 32986 ഹെൽപ്പർമാരും നിലവിലുണ്ട്.

(ബി) അംഗൻവാടി ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഭാഗം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം	ആകെ
അംഗൻവാടി വർക്കർ	₹ 3000	₹ 2600	₹ 1000	₹6600
അംഗൻവാടി ഹെൽപ്പർ	₹ 1500	₹2600	₹1000	₹ 5100

(സി) 2015 ജനുവരി പ്രാബല്യത്തിൽ വേതനം വർദ്ധിപ്പിച്ചിട്ടില്ല. 2015 ഏപ്രിൽ മുതൽ വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിലെ സംസ്ഥാന വിഹിതം 600 രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്.

അംഗൻവാടി വർക്കർമാരുടെ വേതനം

328 (1802) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് വർദ്ധിപ്പിക്കുന്നത്; ആയതിന് എന്നുമുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അംഗൻവാടി ഹെൽപ്പർമാരുടെ വേതനം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗൻവാടി വർക്കർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്.

വിഭാഗം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം	ആകെ
അംഗൻവാടി വർക്കർ	₹ 3000	₹ 2600	₹ 1000	₹6600

(ബി&സി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly